LIBRARY ARCHIVES Kerala Legislative Assembly

നഗരസഭകളിൽ സ്വതന്ത്ര സോഫ്റ്റ്വെയറിന്റെ ആവശ്യകത

108 (2941) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ ഓഫീസുകളിലെ കമ്പ്യൂട്ടറുകളിൽ പണം കൊടുത്ത് ഉപയോഗിക്കുന്ന വിൻഡോസ് സോഫ്റ്റ്വെയർ ആണ് ഇപ്പോഴും ഉപയോഗിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റു വകുപ്പുകളിൽ സൗജന്യമായി ലഭിക്കുന്ന ഉബുണ്ടു പോലുള്ള സ്വതന്ത്ര സോഫ്റ്റ്വെയറിലേക്ക് മാറുന്നതിനായി നഗരസഭകൾക്കും ഇൻഫർമേഷൻ കേരള മിഷനും നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിയ്ക്കാവുന്നതാണ്.

നഗരങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ

109 (2942) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് പി.പി.പി. വ്യവസ്ഥയിൽ നഗരസഭകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ഉൾപ്പെടെയുള്ള വൻപദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നഗരസഭകൾക്ക് ആവശ്യമായ തനത് ഫണ്ട് സ്വരൂപിക്കാനും നഗരസഭകൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് നഗരസഭയുടെ സമഗ്ര വികസനത്തിനും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും അതുവഴി മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് നൽകുക എന്നതുമാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) കേരളത്തിലെ നഗരസഭകളിലെ നിക്ഷേപ സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുന്നതിനുവേണ്ടി 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചിയിൽ വച്ച് നിക്ഷേപക സംഗമം നടത്തിയിരുന്നു. നിലവിൽ പി.പി.പി. വ്യവസ്ഥയിൽ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി 27-9-2014-ലെ 2540/2014/തസ്വഭവ. ഉത്തരവ് പ്രകാരം പാർട്നർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ട്.

നഗരങ്ങളിൽ ബസ്സ്റ്റാന്റുകൾ

110 (2943) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ബസ്സ്റ്റാന്റുകൾ ആരംഭിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് പി.പി.പി. വ്യവസ്ഥയിൽ നഗരസഭകളിൽ ബസ് സ്റ്റാന്റുകൾ ഉൾപ്പെടെയുള്ള വൻപദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നഗരസഭകൾക്ക് ആവശ്യമായ തനത് ഫണ്ട് രൂപീകരിക്കാനും നഗരസഭകൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് നഗരസഭയുടെ സമഗ്ര വികസനത്തിനും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും അതുവഴി മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് നൽകുക എന്നതുമാണ് ഉദ്ദേശലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly